# ചിറകുകൾ

ജി എച്ച് എസ്സ് എസ്സ്
ബന്തടുക്ക



നമ്മുടെ സ്കൂളിന്റെ ഡിജിറ്റൽ മാഗസീൻ
സ്ക്രൈബസിൽ തയ്യാറാക്കുന്നു.
ഇതിലേക്ക് ആവശ്യമായ രചനകൾ
തയ്യറാക്കി തന്ന എല്ലാ കുട്ടികൾക്കും നന്ദി.

ചീഫ് എഡിറ്റർ





# എന്റെ വിദ്യാലയം







# ബയോണിക് സ്

ജീവികളിലെ ജൈവ-രാസിക-വിദ്യുത് പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് ആ തത്ത്വങ്ങളെ അനുകരിച്ച് യന്ത്രങ്ങൾ ഉണ്ടാക്കുന്ന ശാസ്ത്രശാഖയാണ് **ബയോണിക്സ്**. മറ്റു ജീവികളെ അനുകരിച്ച് യന്ത്രങ്ങൾ ഉണ്ടാക്കാൻ ആദിമകാലം മുതൽ മനുഷ്യർ ശ്രമിച്ചിരുന്നുവെങ്കിലും ബയോണിക്സ് എന്ന പദം ഉപയോഗിച്ചു തുടങ്ങിയിട്ട് അധികകാലം ആയിട്ടില്ല. 1960 കൾ മുതലാണ് ഈ പദം പ്രചാരത്തിൽ വന്നു തുടങ്ങിയത്.

റഡാർ, സോണാർ പോലുള്ള ആധുനികസങ്കേതങ്ങളിൽ പല ജീവികളിലെയും പ്രവർത്തനതത്വങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ശബ്ദം ഉപയോഗിച്ച് മുന്നിലുള്ള വസ്തുക്കളെക്കുറിച്ച് മനസ്സിലാക്കുന്ന പ്രക്രിയയാണ് സോണാർ. വവ്വാൽ, തിമിംഗിലം, ഡോൾഫിൻ തുടങ്ങിയ ജീവികൾ സോണാർ സംവിധാനങ്ങൾ പ്രകൃത്യാ തന്നെ ഉപയോഗിക്കുന്നവരാണ്. റഡാർ ഇതേ ആശയം തന്നെ ഉപയോഗിക്കുന്നു. ശബ്ദതരംഗങ്ങൾക്കു പകരം വൈദ്യുതകാന്തിക തരംഗങ്ങളാണ് എന്ന വ്യത്യാസമുണ്ടെന്നു മാത്രം. മിന്നാമിനുങ്ങ് പ്രകാശിക്കുന്ന തത്ത്വം ഉപയോഗിച്ച് വിളക്കുകൾ ഉണ്ടാക്കാൻ ശാസ്ത്രജ്ഞർ ശ്രമിക്കുന്നുണ്ട്. യന്ത്രമനുഷ്യരാണ് ബയോണിക്സ് മേഖലയിലെ നൂതനഗവേഷണങ്ങൾ നടക്കുന്നത്.



## നെല്ല് നിഘണ്ടു

**വിരിപ്പ്** - മേടത്തിൽ വിതച്ച് കന്നി മാസത്തിൽ കൊയ്യുന്ന നെൽകൃഷിയാണിത്
**മുണ്ടകൻ** - കന്നിയിൽ വിതച്ച് മകരത്തിലോ കുംഭത്തിലോ കൊയ്യുന്ന നെൽകൃഷിയാണിത്
**പുഞ്ച** - മകരത്തിൽ വിതച്ച് മേടത്തിലോ ഇടവത്തിലോ കൊയ്യുന്ന നെൽകൃഷിയാണിത്
**വിത** - പാടത്ത് നെൽവിത്ത് പാകുന്നത്
**ഞാറ്** - മുപ്പത് ദിവസം പാകമായ നെൽച്ചെടിയെ ഞാറ് എന്നു പറയുന്നു
**ഞാറ്റടി** - ഞാറിനു വേണ്ടി നെൽവിത്ത് പാകി മുളപ്പിക്കുന്ന പ്രത്യേക വയലാണ് ഞാറ്റടി
**ചേറ്റുവിത** - മുളപ്പിച്ച നെൽവിത്ത് ചേറിൽ വിതയ്ക്കുന്നതാണ് ചേറ്റുവിത അഥവാ പട്ടുവിത
**പൊടിവിത** - മുളപ്പിക്കാത്ത വിത്ത് വിതയ്ക്കുന്നതിനെ പൊടിവിത എന്നു പറയും
**കൊയ്ത്ത്** - വിളഞ്ഞ നെൽച്ചെടി മുറിച്ചെടുക്കുന്നതാണ് കൊയ്ത്ത്





**മെതി** - കറ്റകളിൽ നിന്ന് നെല്ല് വേർതിരിച്ചെടുക്കുന്ന ജോലിയാണ് മെതി.
**വയ്ക്കോൽ** - നെല്ല് നീക്കിയ കറ്റയെ വൈക്കോൽ എന്നു പറയും.
**പനമ്പ്** - നെല്ല് ചിക്കി ഉണക്കാനിടുന്നത് പനമ്പിലാണ്.
**പൊലിയളവ്** - കറ്റ മെതിച്ച് നെല്ല് അളക്കുന്നത്.
**കറ്റ** - നെല്ല് കൊയ്തെടുത്ത് ചെറിയ കെട്ടുകളാക്കിയത്.

**വരമ്പ്കിള** - നിലമൊരുക്കലിന്റെ ഭാഗമായി പാടത്തെ പുല്ല് ചെത്തൽ.
**വൈക്കോൽക്കണ്ട** - മെതിച്ചു കഴിഞ്ഞ വൈക്കോൽ ഒന്നിച്ച് കൂട്ടിയിട്ടിരിക്കുന്നത്.
**ഞാറ്റടിതയ്യാറാക്കൽ** - കണ്ടം നിരപ്പാക്കി ഞാറിടാൻ നിലമൊരുക്കുന്നത്.
**പതം** - കൊയ്ത്തുകൂലി നെല്ലായി നൽകുന്നത്.
**ഒരുചാൽ** - ഒരു പ്രാവശ്യം നിലം ഉഴുന്നത്.



**കന്നു നിറുത്തൽ** - ഓണക്കാലത്ത് തൃക്കേട്ട ദിവസം കന്നുകാലികളുമായി ബന്ധപ്പെട്ട കൃഷിപ്പണികൾ നിർത്തും
**കന്നിറക്കൽ** - ഓണം കഴിഞ്ഞ് കന്നിനെ ആദ്യമായി പണിക്ക് ഇറക്കുന്നത്.
**പത്തായം** - നെല്ല് സൂക്ഷിക്കുന്ന വലിയ തടിപ്പെട്ടി.
**കലപ്പ** - നിലം ഉഴാൻ ഉപയോഗിച്ചിരുന്ന തടി ഉപകരണം.
**കൊഴു** - കലപ്പയുടെ മുൻഭാഗത്തെ ഇരുമ്പ്.
**ഉച്ചാറൽ** - കൃഷിസ്ഥലത്തിനു വിശ്രമം നൽകുന്ന ആചാരം.
**ഇല്ലംനിറ** - പുത്തൻ നെൽക്കതിർ നല്ല മുഹൂർത്തം നോക്കി വീടുകളിൽപൂജിക്കുന്ന ചടങ്ങ്.
**ഞാറ്റുപാട്ട്** - ഞാറു നടുമ്പോൾ പാടുന്ന പാട്ട്.





# ഗൗളിശാസ്ത്രം


പല്ലിയുമായി ബന്ധപ്പെടുത്തിയുള്ള ഭാവി ഫലപ്രവചനം കേരളത്തിൽ **ഗൗളിശാസ്ത്രം** എന്നറിയപ്പെടുന്നു.പല്ലിയുടെ ചിലയ്ക്കലും വീഴ്ച്ചയും മറ്റും അപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മനുഷ്യവ്യാപാരങ്ങളുടെ പരിസമാപ്തിയെപ്പറ്റി ശുഭസൂചനയോ ദുസ്സൂചനയോ നൽകുന്നു എന്ന വിശ്വാസമാണ് ഇതിനാധാരം.

പല്ലികൾ ഭാഗ്യം കൊണ്ടുവരുന്നവരായാണ് കണക്കാക്കപ്പെടുന്നത്. ഇന്ത്യയുടെ ചില ഭാഗങ്ങളിൽ പല്ലി ചിലയ്ക്കുന്ന ശബ്ദം കേൾക്കുന്നത് നിർഭാഗ്യം കൊണ്ടുവരുമെന്ന് വിശ്വാസമുണ്ട്. മറ്റു ചില ഭാഗങ്ങളിൽ പല്ലി ചിലയ്ക്കുന്നതിന് മുൻപ് സംസാരിച്ചുകൊണ്ടിരുന്നയാൾ പറഞ്ഞുകൊണ്ടിരുന്ന കാര്യം സത്യമാണ് എന്ന സൂചനയായാണ് ചിലയ്ക്കലിനെ കണക്കാക്കുന്നത്. ഒരു കാര്യത്തിനായി പുറപ്പെടുമ്പോൾ വീട്ടിന്റെ കിഴക്കേ ഭിത്തിയിലിരുന്ന് പല്ലി ചിലച്ചാൽ അത് ശുഭസൂചനയായും മറ്റു ഭിത്തികളിൽ നിന്ന് ചിലച്ചാൽ അശുഭസൂചനയായും കണക്കാക്കപ്പെടുന്നുണ്ട്. വലതു തോളിൽ പല്ലി വീണാൽ നല്ലതാണെന്നും ഇടതു തോളിലാണെങ്കിൽ ചീത്തയാണെന്നും വിശ്വാസമുണ്ട്. പഞ്ചാബിൽ ഗൗളിയെ സ്പർശിക്കുന്നത് കുഷ്ഠരോഗം വരാൻ കാരണമാകും എന്ന് വിശ്വാസമുണ്ട്.



**ഓണപാട്ട്**

തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടിപ്പൂതരണേ
ആയ്കില ഈയ്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടു
കാക്കപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടിപ്പൂതരണേ
ആയ്കില ഈയ്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടു
അരിപ്പൂപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടിപ്പൂതരണേ
ആയ്കില ഈയ്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടു
പൂവായ പൂവെല്ലാം പിള്ളേരറുത്തു
പൂവാം കുറുന്തല ഞാനും പറിച്ചു
പിള്ളേരേ പൂവൊക്കെ കത്തിക്കരിഞ്ഞുപോയ്
ഞങ്ങടെ പൂവൊക്കെ മുങ്ങിത്തെളിഞ്ഞുപോയ്
പൂവേപൊലി പൂവേപൊലി!



# പഴംചൊല്ലുകൾ

അരമനരഹസ്യം അങ്ങാടിപ്പാട്ട്.
ഒരു ചെറിയ സമൂഹത്തിൽ (അരമന) രഹസ്യമണെന്ന് കരുതിയിരിക്കുന്നത് വലിയ സമൂഹത്തിൽ (അങ്ങാടി) എല്ലാവരും അറിയുന്നതാണെങ്കിൽ ഈ ചൊല്ല് പ്രസക്തം.

അരിമണിയൊന്ന് കൊറിക്കാനില്ല, കരിവളയിട്ട് കിലുക്കാൻ മോഹം.
ഭക്ഷണത്തിന് തീരേയും വകയില്ലെങ്കിലും ആഡംബരമായിട്ട് ജീവിക്കാനുള്ള മനുഷ്യന്റെ അത്യാഗ്രഹത്തെ സൂചിപ്പിക്കുന്നു.

അരിയും തിന്നു ആശാരിച്ചിയേം കടിച്ചിട്ട് പിന്നേം നായയ്ക്ക് മുറുമുറുപ്പ്.
അലന്നാൽ അമ്മൈക്കപരാധിക്കാമൊ
ചെയ്യാവുന്ന ദ്രോഹങ്ങളെല്ലാം ചെയ്തശേഷവും അടങ്ങാൻ ഭാവമില്ല

എന്ന നിലപാട്. അന്നത്തിന്റെ ബലവും
ആയുസ്സിന്റെ ശക്തിയും ഉണ്ടെങ്കിൽ
മന്നത്താലിങ്കൽകാണാം

അരചനെ കൊതിച്ച പുരുഷനെ വെടിഞ്ഞവൾക്ക്
അരചനും ഇല്ല പുരുഷനുമില്ല

അരണ കടിച്ചാൽ ഉടനെ മരണം

അടിവഴുതിയാൽ ആനയും വീഴും

അക്കര മാവിലൊൻ കെണിവെച്ചിട്ടു

എന്നൊടൊ ക്രൂരാ കണ്ണുമിഴിക്കുന്നു

അലസന്റെ തല പിശാചിന്റെ
പണിപ്പുര.








RaZaK BaNDaDKa - 8547334400
1 December 2023 4:56 pm

# നന്ദി